2026
APRIL
24
FRIDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# ഉഷ്ണതരംഗ സാധ്യത മുന്നറിയിപ്പ്; ഓറഞ്ച് അലർട്ട് പ്രഖ്യാപിച്ചു

**കൊച്ചി:** വേനൽ കടുത്തതോടെ കേരളത്തിലെ മൂന്ന് ജില്ലകളിൽ ഉഷ്ണതരംഗ സാധ്യതാ മുന്നറിയിപ്പുമായി കേന്ദ്ര കാലാവസ്ഥ വകുപ്പ്. കൊല്ലം, തൃശൂർ, പാലക്കാട് ജില്ലകളിലാണ് ഉഷ്ണതരംഗ സാധ്യത മുന്നറിയിപ്പ് പുറപ്പെടുവിച്ചിരിക്കുന്നത്. ഈ ജില്ലകളിൽ ഇന്ന് ഓറഞ്ച് അലർട്ട് പ്രഖ്യാപിച്ചു. പാലക്കാട് ജില്ലയിൽ 41 ഡിഗ്രി വരെയും കൊല്ലം, തൃശൂർ ജില്ലകളിൽ 40 ഡിഗ്രി വരെയും താപനനില ഉയരുമെന്നാണ് മുന്നറിയിപ്പ്. കൂടാതെ കോട്ടയം, പത്തനംതിട്ട, എറണാകുളം, കോഴിക്കോട് ജില്ലകളിൽ 38 ഡിഗ്രി വരെയും ആലപ്പുഴ, മലപ്പുറം, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ 37 ഡിഗ്രി വരെയും തിരുവനന്തപുരം ജില്ലയിൽ 36 ഡിഗ്രി വരെയും താപനില ഉയരാൻ സാധ്യതയുണ്ടെന്നും കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. സാധാരണയെക്കാൾ നാലു മുതൽ അഞ്ച് ഡിഗ്രിവരെ വരെ കൂടുതൽ ചൂട് അനുഭവപ്പെടുമെന്നാണ് മുന്നറിയിപ്പ്. ഉയർന്ന താപനിലയും ഈർപ്പമുള്ള വായുവും കാരണം ഈ ജില്ലകളിൽ, മലയോര മേഖലകളിലൊഴികെ, ഇന്ന് മുതൽ ഈ മാസം 26 വരെ ചൂടും അസ്വസ്ഥതയുമുള്ള കാലാവസ്ഥയ്ക്ക് സാധ്യതയുണ്ടെന്നും കേന്ദ്രകാലാവസ്ഥ വകുപ്പ് അറിയിച്ചു.

## 1.13 കോടി ഗാർഹിക സിലിണ്ടറുകളും 2.8 ലക്ഷം വാണിജ്യ സിലിണ്ടറുകളും വിതരണം ചെയ്തതെന്ന് ബിപിസിഎൽ

**കൊച്ചി:** രാജ്യത്ത് എൽപിജി വിതരണം കാര്യക്ഷമമായി നടക്കുന്നതായി ഭാരത് പെട്രോളിയം കോർപറേഷൻ ലിമിറ്റഡ് (ബിപിസിഎൽ) അറിയിച്ചു. ഏപ്രിൽ 12 മുതൽ 21 വരെയുള്ള കണക്കുകൾ പ്രകാരം, ആകെ 1.13 കോടി ഗാർഹിക സിലിണ്ടറുകളും 2.8 ലക്ഷം വാണിജ്യ സിലിണ്ടറുകളുമാണ് ബിപിസിഎൽ വിതരണം ചെയ്തത്. പെട്രോൾ പമ്പുകൾ, സൂപ്പർ മാർക്കറ്റുകൾ, പ്രാദേശിക സ്റ്റോറുകൾ എന്നിവ വഴി 2,22,444 ചെറു സിലിണ്ടറുകളും വിതരണം ചെയ്തു. ഉപഭോക്താക്കൾക്ക് ആവശ്യാനുസരണം പാചകവാതക സിലിണ്ടറുകൾ ലഭ്യമാക്കാൻ വിതരണ ശൃംഖല പൂർണമായും ഉറപ്പാക്കിയതായി ബിപിസിഎൽ പുറത്തിറക്കിയ വാർത്താക്കുറിപ്പിൽ അറിയിച്ചു.

റിഫൈനറികൾ മുതൽ വിതരണക്കാർ വരെയുള്ള ബിപിസിഎല്ലിന്റെ എല്ലാ സംവിധാനങ്ങളും ഏകോപിതമായി പ്രവർത്തിക്കുന്നതിനാൽ രാജ്യത്തിന്റെ എല്ലാ ഭാഗങ്ങളിലും പാചകവാതകം തടസ്സമില്ലാതെ വിതരണം ചെയ്യുന്നുണ്ട്. നഗര പ്രദേശങ്ങളിലെ സിറ്റി ഗ്യാസ് പദ്ധതിയും (പിഎൻജി) കാര്യക്ഷമമാക്കിയിട്ടുണ്ട്. രജ്യമൊട്ടാകെ ഇതിനോടകം 1,81,405 പിഎൻജി കണക്ഷനുകളാണ് നൽകിയിട്ടുള്ളത്. രാജ്യത്ത് പാചകവാതക പ്രതിസന്ധി രൂക്ഷമാണെന്ന പ്രചാരണം അടിസ്ഥാന രഹിതമാണെന്നും ഉപഭോക്താക്കൾക്ക് ആവശ്യമായ പാചകവാതകം സംഭരണശാലകളിൽ സ്റ്റോക്ക് ഉണ്ടെന്നുമാണ് കമ്പനി അറിയിക്കുന്നത്.

## കുട്ടികളെ നിർബന്ധിച്ച് അങ്കണവാടികളിൽ വരുത്തേണ്ടതില്ല: ബാലാവകാശ കമ്മിഷൻ

**തിരുവനന്തപുരം:** ചൂട് കാലാവസ്ഥ മാറുന്നതു വരെ കുട്ടികളെ നിർബന്ധിപ്പിച്ച് അങ്കണവാടികളിൽ വരുത്തേണ്ടതില്ലെന്ന് ബാലാവകാശ കമ്മിഷൻ ഉത്തരവായി. വരാതിരിക്കുന്ന കട്ടികൾക്ക്, അർഹമായ പോഷകാഹാരങ്ങൾ അവരുടെ വീട്ടിൽ എത്തിക്കണം.

കമ്മിഷൻ ചെയർപേഴ്സൺ കെ. വി. മനോജ്കുമാർ അംഗങ്ങളായ ഷാജേഷ് ഭാസ്കർ, സിസിലി ജോസഫ് എന്നിവരുടെ ഫുൾബഞ്ചിന്റേതാണ് ഉത്തരവ്. കൃത്യമായ വായുസഞ്ചാരമില്ലാത്തതും ടിൻഷീറ്റ് മേൽക്കൂരയുള്ളതും സൗകര്യങ്ങൾ കുറവുള്ളതുമായ അങ്കണവാടികൾ പ്രവർത്തിക്കുന്നില്ല എന്ന് വനിതാ ശിശുവികസന വകുപ്പ് ഡയറക്ടർ ഉറപ്പുവരുത്തണം. പകൽ 11 മുതൽ 3 വരെ കുട്ടികളെ പുറത്ത് കളിക്കാൻ വിടാതെ കളികൾ രാവിലെയോ വൈകുന്നേരമോ മാത്രമായി നിജപ്പെടുത്തണം. സംസ്ഥാനത്തെ എല്ലാ അങ്കണവാടികളിലും ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കി ഇടക്കിടെ കുട്ടികൾ വെള്ളം കുടിക്കുന്നുണ്ടെന്ന് അധികൃതർ ഉറപ്പുവരുത്തേണ്ടതാണ്. കുഞ്ഞുങ്ങൾക്ക് ചൂട് താങ്ങാവുന്ന അവസ്ഥയല്ലെന്നും കാലാവസ്ഥ മാറുന്നതു വരെ അങ്കണവാടികൾക്ക് അവധി നൽകണമെന്നും മറ്റുമുള്ള പരാതികൾ കമ്മിഷൻ പരിഗണിച്ചാണ് ഉത്തരവ്. സൂര്യതാപം മൂലം അങ്കണവാടിയിൽ പഠിക്കുന്ന കുട്ടികളുടെ ശരീര താപനില അമിതമായി ഉയരുന്നത് കുട്ടികൾ കുഴഞ്ഞു വീഴാനും മറ്റ് ഗുരുതര ആരോഗ്യ പ്രശ്നങ്ങൾക്കും കാരണമാകും. നിർദ്ദേശങ്ങൾ നടപ്പിലാക്കേണ്ട ചുമതല വനിതാ ശിശുവികസന വകുപ്പ് ഡയറക്ടറും അടിസ്ഥാന സൗകര്യങ്ങൾ സംബന്ധിച്ച ചുമതല തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറും നിർവ്വഹിക്കേണ്ടതാണ്. സ്വീകരിച്ച നടപടി റിപ്പോർട്ട് 2012 ലെ കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മിഷൻ ചട്ടങ്ങളിലെ ചട്ടം 45 പ്രകാരം 15 ദിവസത്തിനകം കമ്മിഷന് സമർപ്പിക്കണം.

This is an advertisement for information purpose and is not a prospectus announcement.
ICL FINCORP LIMITED
SECURED, REDEEMABLE NON-CONVERTIBLE DEBENTURES NCD
CREDIT RATING ACUITÉ BBB-/ STABLE
ICL Fincorp
UP TO DOUBLE RETURNS IN 72 MONTHS*
*BASED ON AN EFFECTIVE YIELD OF
12.25%
*T&C Apply
ON CUMULATIVE BASIS UNDER OPTION X, 72 MONTHS,TDS AS APPLICABLE.
APPLY NOW +91 85890 20137, +91 85890 20186
ISSUE OPENS ON: APRIL 10, 2026 (FRIDAY) ISSUE CLOSES ON: APRIL 24, 2026 (FRIDAY)*

## ജില്ലാ എൽപിജി ഫോറം മെയ് 5 ന്

**കൊച്ചി:** എറണാകുളം ജില്ലയിലെ ഗാർഹിക പാചകവാതക സിലിണ്ടറുകളുടെ വിതരണം, ഏജൻസികളുടെ പ്രവർത്തനം എന്നിവ അവലോകനം ചെയ്യുന്നതിനായുള്ള ജില്ലാ എൽ.പി.ജി ഫോറം മെയ് 5 ന് രാവിലെ 11ന് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേരും.

ഗാർഹിക വാചകവാതക വിതരണ രംഗത്ത് ഉപഭോക്താക്കൾക്കുള്ള പരാതികൾ, ഗാർഹിക പാചകവാതക സിലിണ്ടറുകളുടെ വിതരണക്കൂലി കാലോചിതമായി പുതുക്കി നിശ്ചയിക്കൽ, എൽ.പി.ജി കടുത്തുകൂലി, സീറോ പോയിന്റ് മാറ്റം തുടങ്ങിയ വിഷയങ്ങളും ഫോറം ചർച്ച ചെയ്യും.ജില്ലയിലെ പാചകവാതക വിതരണവുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്ക് ആക്ഷേപങ്ങൾ ഉണ്ടെങ്കിൽ അവ മെയ് 2 ന് വൈകിട്ട് 5 വരെ ബന്ധപ്പെട്ട താലൂക്ക് സപ്ലൈ / സിറ്റി റേഷനിങ് ഓഫീസുകളിൽ സമർപ്പിക്കാം. നിശ്ചിത സമയത്തിനകം ലഭ്യമാകുന്നതും മെയ് 5 നകം താലൂക്ക് / സിറ്റി തലത്തിൽ പരിഹരിക്കാൻ കഴിയാത്തതുമായ പരാതികൾ എൽ.പി.ജി ഫോറം പരിഗണിക്കും.

പൊതുവിതരണ വകുപ്പ് ഉദ്യോഗസ്ഥർ, ഓയിൽ കമ്പനി പ്രതിനിധികൾ, പാചകവാതക വിതരണ ഏജൻസി പ്രതിനിധികൾ, ഉപഭോക്തൃ സംഘടന പ്രതിനിധികൾ എന്നിവർ എൽ. പി.ജി ഫോറത്തിൽ പങ്കെടുക്കും.

# ഇന്നത്തെ പരിപാടി

## കൊച്ചി

■ **എറണാകളം പ്രസ് ക്ലബ്:** എൻ.വി. പൈലി സ്മാരക മാധ്യമ പുരസ്കാര വിതരണം മന്ത്രി കെ. രാജൻ. പ്രഭാഷണം: ഡോ. സെബാസ്റ്റ്യൻ പോൾ ഉച്ചയ്ക്ക് 12.00

■ **എളമക്കര പേരൂർ സെന്റ് ജോർജ് പള്ളി :** തിരുനാളിന് മുന്നോടിയായി വൈകിട്ട് 5ന് കൊടിയേറ്റ് പോണേക്കര സെന്റ് ഫ്രാൻസിസ് സേവ്യർ പള്ളി വികാരി ഫാ. ബിബു കാടംപറമ്പിൽ മുഖ്യകാർമികത്വം വഹിക്കും.

■ **പെരുമാനൂർ സെന്റ് ജോർജ് പള്ളി :** വിശുദ്ധ ഗീവർഗീസിന്റെ കൊമ്പ്രേര്യ തിരുനാൾ രാവിലെ 6 നും വൈകിട്ട് 6നും വിശുദ്ധ കുർബാന.

■ **പനമ്പിള്ളി നഗർചൈൽഡ് കെയർ സെന്റർ :** പഠന വൈകല്യ നിർണയ നിവാരണ ക്യാമ്പ് 6 മുതൽ 13 വയസ്സുവരെയുള്ള കുട്ടികൾക്കായി രാവിലെ 10 മുതൽ.

■ **എറണാകുളം ശ്രീ അയ്യപ്പൻ കോവിൽ :** ശ്രീമദ് ഭാഗവത സപ്താഹയജ്ഞം സമൂഹപ്രാർത്ഥന, കീർത്തനം, ഗ്രന്ഥനമസ്കാരം രാവിലെ 6.30ന്, 7ന് ഭാഗവതപാരായണ സമാരംഭം, ഉച്ചയ്ക്ക് ഒന്നിന് അന്നദാനം, വൈകിട്ട് 6.30ന് രുഗ്മിണി സ്വയംവരം, വൈകിട്ട് 7ന് ആചാര്യ പ്രഭാഷണം.

## പറവൂർ

■ **പറവൂർ മനയക്കപ്പെടി കുറ്റൂക്കാരൻ പോളിടെക്നിക് കോളജ്:** കുറ്റൂക്കാരൻ എഡ്യുക്കേഷണൽ ഇൻസ്റ്റിറ്റിയൂഷൻസും ഏഥറും സംയുക്തമായി ആരംഭിക്കുന്ന ഏഥർ പരിശീലന കേന്ദ്രത്തിന്റെ ഉദ്ഘാടനം രാവിലെ 11 ന്.

## തൃക്കാക്കര

■ **തൃക്കാക്കര ബി. എം.സി സ്പോർട്സ് ഫുട്ബോൾ ടർഫ് :** ഇൻഫോപാർക്കിലെ ഐടി ജീവനക്കാർ പങ്കെടുക്കുന്ന ഇൻഫോപാർക്ക് ഫുട്ബോൾ ടൂർണമെന്റ് വൈകിട്ട് 6 മുതൽ.

## തൃപ്പൂണിത്തുറ

■ **തൃപ്പൂണിത്തുറ വടക്കേകോട്ട സെന്റ് ജോസഫ് പള്ളി :** വിശുദ്ധ യൗസേപ്പിതാവിന്റെ വലിയ തിരുനാളിന്റെ ഭാഗമായി രാവിലെ 6.30ന് ദിവ്യബലി, വൈകിട്ട് 6 ന് ദിവ്യബലി, നൊവേന, ആരാധന.

## കളമശ്ശേരി

■ **കളമശ്ശേരി കേരള സ്റ്റാർട്ടപ്പ് മിഷൻ കാമ്പസ് :** കെ.ടി.എക്സ് ഗ്ലോബലുമായി സഹകരിച്ച് കേരള സ്റ്റാർട്ടപ്പ് മിഷന്റെ പിന്തുണയോടെ ടൈ കേരള, 'ദി 3 ട്രില്യൺ ഡോളർ 'അൺസെക്സി ഓപ്പർച്യുണിറ്റി സ്കെയിലിംഗ് ഡീപ് ടെക് ഫ്രം കേരള ടു ദി ഗ്ലോബൽ സ്റ്റേജ്' ഹൈഇംപാക്റ്റ് സെഷൻ 2026 വൈകുന്നേരം 4ന് സംഘടിപ്പിക്കും. സ്കിൽവെറി സിഇഒ ശബരീനാഥ് സി. നായർ മുഖ്യ പ്രഭാഷണം നടത്തും, വിസ്ര് എ.ഐ സഹസ്ഥാപകനും സി.ഒ.ഒയുമായ രാജേഷ് പടിഞ്ഞാറേമടം ചർച്ച മോഡറേറ്റ് ചെയ്യും.

## കോതമംഗലം

■ **മാർ തോമ ചെറിയ പള്ളി വെുവഴി സെന്റ് ജോർജ് യാക്കോബായ സിറിയിൻ ചാപ്പൽ :** വിശുദ്ധ ഗീവർഗീസ് സഹദായുടെ ഓർമ്മപെരുന്നാൾ. രാവിലെ 6.45ന്.

■ **വിശുദ്ധ മർത്തമറിയം കത്തീഡ്രൽ വലിയ പള്ളി :** വിശുദ്ധ ഗീവർഗീസ് സഹദായുടെ ഓർമപെരുന്നാൾ രാവിലെ 6ന്.

## കാക്കനാട്

■ **തുതിയൂർ ഘണ്ഠാകർണ ഭഗവതി ക്ഷേത്രം :** പ്രതിഷ്ഠാദിന ഉത്സവം രാവിലെ 6ന്.

## പെരുമ്പാവൂർ

■ **ഇരിങ്ങോൾ മുല്ലക്കൽ ശ്രീ ഭഗവതി ക്ഷേത്രം :** പൊങ്കാല മഹോത്സവം വിളാവത്തമ്മ കൈകൊട്ടിക്കളി സംഘത്തിന്റെ , കൈകൊട്ടിക്കളി, നൃത്തനൃത്യങ്ങൾ ലാസ്യ കൈതാരം ഫ്യൂഷൻ കൈകൊട്ടിക്കളി തുടർന്ന് പ്രസാദസദ്യ രാത്രി 7.30 മുതൽ.

## നേര്യമംഗലം

■ **കവളങ്ങാട് കുരിശുപള്ളി :** വിശുദ്ധ ഗീവർഗീസ് സഹദായുടെ ഓർമ പെരുന്നാൾ രാവിലെ 7ന് പ്രഭാത പ്രാർത്ഥന, 8ന് വിശുദ്ധ കുർബാന റവ. മോർ കൗമ റമ്പാച്ചൻ പുതുശ്ശേരിയിൽ.

## എരുവേലി

■ **കണയന്നൂർ സെന്റ് തോമസ് യാക്കോബായ സുറിയാനിപ്പള്ളി :** വിശുദ്ധ തോമാശ്ലീഹായുടെയും വിശുദ്ധ ഗീവർഗീസ് സഹദായുടെയും ഓർമ്മപ്പെരുന്നാളും ദേവാലയത്തിന്റെ 60ാം വാർഷികവും രാവിലെ 8ന് കുർബ്ബാന, വൈകിട്ട് 6ന് സന്ധ്യാപ്രാർത്ഥന തുടന്ന് പ്രദക്ഷിണം.

# പോഞ്ഞിക്കര റാഫി അനുസ്മരണം

**പാലാരിവട്ടം:** പി.ഒ.സി. പ്രതിമാസ സാഹിത്യ സംവാദ പരിപാടിയായ വാങ്മയത്തിൽ പോത്തിക്കര റാഫി അനുസ്മരണം നടത്തി. മലയാളത്തിന്റെ സ്വർഗ്ഗദൂതൻ എന്ന പേരിൽ നടന്ന പരിപാടി ജസ്റ്റിസ് അലക്സാണ്ടർ തോമസ് ഉദ്ഘാടനം ചെയ്തു. പി.ഒ.സി. ഡയറക്ടർ റവ.ഫാ. തോമസ് തറയിൽ അധ്യക്ഷത വഹിച്ചു. ഡോ. സുമി ജോയി ഓലിയപ്പുറം, ആർ ഗോപാലകൃഷ്ണൻ, എന്നിവർ വിഷയാവതരണം നടത്തി. ഡോ.തോമസ് പനക്കളം , തോമസ് ജോസഫ് തുടങ്ങിയവർ പ്രസംഗിച്ചു. തോമസ് ജോസഫിന്റെ ഞണ്ടുകൾ വാഴുന്നിടം എന്ന നോവലിന്റെ പ്രകാശനം ജസ്റ്റിസ് അലക്സാണ്ടർ തോമസ് ഡോ. സുമി ജോയി ഓലിയപ്പുറത്തിന് നൽകി നിർവ്വഹിച്ചു.



# ഇ.പി.എഫ്.ഒ. ഇ.എസ്.ഐ.സി ജനസമ്പർക്ക പരിപാടി

**കൊച്ചി:** എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് ഓർഗനൈസേഷനും (ഇ.പി.എഫ്.ഒ.) എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷുറൻസ് കോർപറേഷനും (ഇ.എസ്.ഐ.സി.) സംയുക്തമായി എറണാകുളം ജില്ലയിൽ ജനസമ്പർക്ക പരിപാടി നടത്തുന്നു. ഈ മാസം 27 ന് രാവിലെ 10 മുതൽ ആലങ്ങാട് ഗ്രാമപ്പഞ്ചായത്ത് ഹാളിലാണ് പ്രോഗ്രാം നടക്കുന്നത്. ഇ.പി.എഫ്.ഒ. യുടെ 'നിധി ആപ്കേനികട് 2.0', ഇ.എസ്.ഐ.സി. യുടെ 'സുവിധ സമാഗമം' എന്നിവയാണ് പരിപാടികൾ. ഇ.പി.എഫ്.ഒ., ഇ.എസ്.ഐ.സി. ഉദ്യോഗസ്ഥർ പങ്കെടുക്കുകയും പരാതി പരിഹരിക്കാൻ നടപടി സ്വീകരിക്കുകയും ചെയ്യും. പരാതി സമർപ്പിക്കുവാൻ ആഗ്രഹിക്കുന്നവർ ആവശ്യമായ രേഖകളുമായി മേൽ പറഞ്ഞ ദിവസം നേരിട്ട് എത്തിച്ചേരേണ്ടതാണെന്ന് അധികൃതർ അറിയിച്ചു.

# വേനൽച്ചൂടിൽ ആശ്വാസം പകരാൻ കുടുംബശ്രീ; തണ്ണീർപ്പന്തലും 'സ്നേഹിത' സേവനങ്ങളും ഒരുമിച്ച്




**കൊച്ചി:** എറണാകുളം: കടുത്ത വേനൽച്ചൂടിൽ ജനങ്ങൾക്ക് ആശ്വാസമായി ജില്ലയിലെ വിവിധ കേന്ദ്രങ്ങളിൽ കുടുംബശ്രീയുടെ നേതൃത്വത്തിൽ തണ്ണീർപ്പന്തലുകൾ സജ്ജമാക്കി. കുടുംബശ്രീ സി.ഡി.എസുകളും ജെൻഡർ റിസോഴ്സ് സെന്ററുകളും സംയുക്തമായി സംഘടിപ്പിക്കുന്ന തണ്ണീർപ്പന്തൽ പ്രവർത്തനങ്ങൾ ജില്ലയിലുടനീളം സജീവമായി പുരോഗമിക്കുന്നു. തണ്ണീർപ്പന്തലുകളിൽ സംഭാരം, കുമ്മട്ടി ജ്യൂസ് എന്നിവ വഴിയാത്രക്കാർക്ക് സൗജന്യമായി വിതരണം ചെയ്യുന്നു.

മണീട്, ചോറ്റാനിക്കര, ആമ്പല്ലൂർ, കടുങ്ങല്ലൂർ, കരുമാലൂർ, ആലങ്ങാട്, തൃക്കാക്കര, ഇലഞ്ഞി, തിരുമാറാടി, കൂത്താട്ടുകുളം, രാമമംഗലം, പാമ്പാക്കുട, നെല്ലിക്കുഴി, വെങ്ങൂർ, കീരമ്പാറ, നായരമ്പലം, കുഴുപ്പിള്ളി, പള്ളിപ്പുറം, എടവനക്കാട്, കളമശ്ശേരി ഈസ്റ്റ്, കൊച്ചി വെസ്റ്റ്, മുളന്തുരുത്തി, എടക്കാട്ടുവയൽ, തിരുവാണിയൂർ, വടവുകോട്പുത്തൻകുരിശ്, പിണ്ടിമന എന്നിവിടങ്ങളിൽ ഇത് വരെ തണ്ണീർപ്പന്തലുകൾ ആരംഭിച്ചിട്ടുണ്ട്.

കഴിഞ്ഞ മൂന്ന് വർഷങ്ങളിലേതുപോലെ ഇത്തവണയും തണ്ണീർപ്പന്തൽ പ്രവർത്തനം സജീവമായി തുടരുകയാണ്. തണ്ണീർപ്പന്തലിനൊപ്പം 'സ്നേഹിത' ഹെൽപ് ഡെസ്ക് ക്യാമ്പയിനും വിവിധ കേന്ദ്രങ്ങളിൽ സംഘടിപ്പിച്ചുവരുന്നു.

സ്ത്രീകൾക്കും കുട്ടികൾക്കും എതിരായ അതിക്രമങ്ങൾക്കെതിരെ പ്രവർത്തിക്കുന്ന ജില്ലാതല സഹായ കേന്ദ്രമായ 'സ്നേഹിത'യുടെ സേവനങ്ങളെക്കുറിച്ചുള്ള ബോധവത്കരണവും ശക്തിപ്പെടുത്തുന്നു. 24 മണിക്കൂറും 365 ദിവസവും സ്ത്രീകൾക്കും കുട്ടികൾക്കും സൗജന്യ സേവനം ലഭ്യമാക്കുന്ന 'സ്നേഹിത' യുടെ പ്രവർത്തനങ്ങൾ കൂടുതൽ ആളുകളിലേക്ക് എത്തിക്കാനാണ് ഈ സംരംഭം ലക്ഷ്യമിടുന്നത്.

# നെടുമ്പാശ്ശേരി ഹജ്ജ് ക്യാമ്പ് സജ്ജം; ആദ്യസംഘം ഏപ്രിൽ 30ന് പുറപ്പെടും

**കൊച്ചി:** നെടുമ്പാശ്ശേരി വിമാനത്താവളം വഴി ഈ വർഷം ഹജ്ജ് തീർത്ഥാടനത്തിന് പുറപ്പെടുന്നവർക്കായി വിപുലമായ സജ്ജീകരണങ്ങൾ ഒരുക്കിയതായി ജില്ലാ കളക്ടർ ജി പ്രിയങ്ക അറിയിച്ചു. ഹജ്ജ് തീർത്ഥാടനവുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ ചേർന്ന വിവിധ വകുപ്പുകളുടെ അവലോകന യോഗത്തിലാണ് ഒരുക്കങ്ങൾ പൂർത്തിയായ വിവരം പങ്കുവെച്ചത്. ഇത്തവണ 8,341 തീർത്ഥാടകരാണ് നെടുമ്പാശ്ശേരി വിമാനത്താവളം വഴി യാത്ര തിരിക്കുന്നത്. ഇതിൽ 5,492 സ്ത്രീകളും 2,849 പുരുഷന്മാരും ഉൾപ്പെടുന്നു. കേരളത്തിന് പുറമെ ലക്ഷദ്വീപ്, തമിഴ്നാട് എന്നിവിടങ്ങളിൽ നിന്നുള്ള തീർത്ഥാടകരും നെടുമ്പാശ്ശേരി ക്യാമ്പ് വഴിയാണ് യാത്രയാകുന്നത്. ഏപ്രിൽ 30-ന് ആദ്യ സംഘം യാത്ര തിരിക്കുന്നതോടെ ഈ വർഷത്തെ ഹജ്ജ് വിമാന സർവീസുകൾക്ക് തുടക്കമാകും. 432 പേരെ വീതം വഹിക്കുന്ന മൊത്തം 20 വിമാന സർവീസുകളാണ് ഷെഡ്യൂൾ ചെയ്തിട്ടുള്ളത്. തീർത്ഥാടകർക്കായി വിമാനത്താവളത്തിന് സമീപം ഒരേസമയം 1,200 പേർക്ക് താമസിക്കാൻ സൗകര്യമുള്ള വിപുലമായ പന്തലും മറ്റ് അനുബന്ധ സൗകര്യങ്ങളും പൂർത്തിയായിട്ടുണ്ട്. കഠിനമായ വേനൽച്ചൂട് പരിഗണിച്ച് പന്തലിനുള്ളിലെ താപനില 30 ഡിഗ്രി സെൽഷ്യസിൽ താഴെയായി നിലനിർത്താൻ പ്രത്യേക എയർ കണ്ടീഷനിംഗ് സംവിധാനങ്ങൾ ഒരുക്കും. തീർത്ഥാടകരുടെ യാത്ര സുഗമമാക്കുന്നതിന് വിവിധ സർക്കാർ വകുപ്പുകളുടെ ഏകോപനം ഉറപ്പാക്കിയിട്ടുണ്ട്. ഹജ്ജ് കമ്മിറ്റിയുടെ നേരിട്ടുള്ള മേൽനോട്ടത്തിലാണ് ഭക്ഷണത്തിനുള്ള ക്രമീകരണങ്ങൾ ചെയ്തിരിക്കുന്നത്. റെയിൽവേ സ്റ്റേഷനുകൾ, കെ.എസ്.ആർ.ടി.സി സ്റ്റാൻഡുകൾ എന്നിവിടങ്ങളിൽ നിന്ന് വിമാനത്താവളത്തിലേക്ക് എത്തുന്നവർക്കായി പ്രത്യേക ബസ് സർവീസുകൾ ലഭ്യമായിരിക്കും. ക്യാമ്പിൽ പോലീസ്, ആരോഗ്യവിഭാഗം, ഫയർഫോഴ്സ് എന്നിവരുടെ സേവനത്തിന് പുറമെ തീർത്ഥാടകരെ സഹായിക്കാൻ പ്രത്യേക വോളന്റിയർ സംഘത്തെയും നിയോഗിച്ചിട്ടുണ്ടെന്ന് ബന്ധപ്പെട്ട അധികൃതർ അറിയിച്ചു.

നെടുമ്പാശ്ശേരി വിമാനത്താവളം കോൺഫറൻസ് ഹാളിൽ നടന്ന യോഗത്തിൽ സിയാൽ എയർപോർട്ട് ഡയറക്ടർ ജി. മനു, സംസ്ഥാന ഹജ്ജ് കമ്മറ്റി അംഗങ്ങളായ മുഹമ്മദ് സക്കീർ ഈരാറ്റുപേട്ട, അനസ് ഹാജി അരൂർ, നൂർ മുഹമ്മദ് നൂർഷ , അസി. സെക്രട്ടറി ജാഫർ കെ. കക്കൂത്ത് വിവിധ വകുപ്പ് ഉദ്യോഗസ്ഥർ, വിമാനത്താവളത്തിലെ വിവിധ വിഭാഗത്തിലെ ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# ഗാന്ധിയൻ കാഴ്ചപ്പാട് കാലോചിതം: പ്രൊഫ വിനോദ്കുമാർ കല്ലോലിക്കൽ

**കൊച്ചി:** നഗരങ്ങളെ നിരാകരിക്കാതെ തന്നെ, ഗ്രാമീണജനതയെ ശാക്തീകരിക്കാനാകുമെന്ന് ഗാന്ധിജി മനസ്സിലാക്കിയിരുന്നതായി കാണാമെന്ന് മഹാരാജാസ് കോളേജ് ചരിത്രവിഭാഗം അധ്യാപകൻ പ്രൊഫ.വിനോദ് കുമാർ കല്ലോലിക്കൽ അഭിപ്രായപ്പെട്ടു. കർഷകരുടെയും കരകൗശല വിദഗ്ദരുടെയും തൊഴിൽ പങ്കാളിത്തം രാജ്യത്തിന്റെ സാമ്പത്തിക സുസ്ഥിതി സംരക്ഷിക്കും. രാഷ്ട്ര കേന്ദ്രീകൃതമല്ലാത്ത തൊഴിൽ വികസനം സമ്പദ്ഘടനയെ സുദൃഢമാക്കുമെന്ന ആശയം ഗാന്ധിജി സിവിൽ നിയമലംഘനങ്ങളിലൂടെ പങ്ക് വച്ചിരുന്നു. ഉപ്പ് സത്യാഗ്രഹം സ്വരാജിന്റെയും സ്വാശ്രയത്തിന്റെയും സമന്വയമാണെന്നും അദ്ദേഹം പറഞ്ഞു. ഗാന്ധി പീസ് ഫൗണ്ടേഷൻ 'സിവിൽ നിയമ ലംഘനങ്ങളുടെ ദേശ പാതകൾ' എന്ന വിഷയത്തിൽ നടത്തിയ പൊതു ചർച്ചയിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. ഫൗണ്ടേഷൻ ചെയർമാൻ പ്രൊഫ എം പി മത്തായി ഉൽഘാടനം ചെയ്തു. കെ എസ് അബ്ദുൽ കരീം അധ്യക്ഷത വഹിച്ചു. പി എൻ സുരേന്ദ്രൻ സ്വാഗതവും ഡോ ബാബു ജോസഫ് നന്ദിയും പറഞ്ഞു.



*സിവിൽ നിയമ ലംഘനങ്ങളുടെ ദേശപാതകൾ എന്ന വിഷയത്തിൽ ഗാന്ധി പീസ് ഫൗണ്ടേഷൻ നടത്തിയ പൊതുചർച്ചയിൽ പ്രൊഫ.വിനോദ്കുമാർ കല്ലോലിക്കൽ മുഖ്യപ്രഭാഷണം നടത്തുന്നു. കെ എസ് അബ്ദുൽ കരീം, പ്രൊഫ. എം പി മത്തായി, ഡോ. ബാബു ജോസഫ് എന്നിവർ വേദിയിൽ.*

# സംസ്കൃത സർവ്വകലാശാലയിൽ മെറിറ്റ് ഡേയും യാത്രയയപ്പും

**കൊച്ചി:** ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ സംസ്കൃതം വേദാന്തം വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന മെറിറ്റ് ഡേയും വിരമിക്കുന്ന അദ്ധ്യാപകരുടെ യാത്രയയപ്പും ഏപ്രിൽ 24ന് രാവിലെ 10ന് കാലടി മുഖ്യ കാമ്പസിൽ നടക്കുമെന്ന് സർവ്വകലാശാല അധികൃതർ അറിയിച്ചു. മുൻ വൈസ് ചാൻസലർ ഡോ. ധർമ്മരാജ് അടാട്ട് മെറിറ്റ് ഡേ ഉദ്ഘാടനം ചെയ്യും. പ്രൊഫ. കെ. മുത്തുലക്ഷ്മി മുഖ്യപ്രഭാഷണം നിർവ്വഹിക്കും. പ്രൊഫ. കെ. രമാദേവി അമ്മ അധ്യക്ഷയായിരിക്കും. സിൻഡിക്കേറ്റ് അംഗം. ഡോ. ടി. മിനി, രജിസ്ട്രാർ ഡോ. മോത്തി ജോർജ്, ഡോ. വി. കെ. ഭവാനി, പ്രൊഫ. സുനിത ഗോപാലകൃഷ്ണൻ, പ്രൊഫ. ജി. നാരായണൻ, ഡോ. കെ. യമുന, ഡോ. ലിഷ സി. ആർ, അതുല്യ കെ. എൽ, പ്രൊഫ. എസ്. ഷീബ എന്നിവർ പ്രസംഗിക്കും.

2021 മുതൽ പി. എച്ച്. ഡി. നേടിയ 22 പേരെയും മുഖ്യമന്ത്രിയുടെ പ്രതിഭാ പുരസ്കാരം, പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പുകൾ എന്നിവ നേടിയവരെയും ചടങ്ങിൽ ആദരിക്കും.

ഉച്ചകഴിഞ്ഞ് നടക്കുന്ന യോഗത്തിൽ സർവ്വകലാശാലയിൽ നിന്നും വിരമിക്കുന്ന പ്രൊഫ. വി. വസന്തകുമാരി, പ്രൊഫ. മഹേശ്വരി പിള്ള എസ്. എന്നിവർക്ക് യാത്രയയപ്പ് നൽകും. പ്രൊഫ. കെ. രമാദേവി അമ്മ അധ്യക്ഷയായിരിക്കും. പ്രൊഫ. ജി. നാരായണൻ, ഡോ. ജയലക്ഷ്മി വി., പ്രൊഫ. വി. വസന്തകുമാരി, പ്രൊഫ. മഹേശ്വരി പിള്ള എസ്. എന്നിവർ പ്രസംഗിക്കും.

## അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** കേരള സർക്കാർ സ്ഥാപനമായ കെൽട്രോണിന്റെ ആലുവ നോളജ് സെന്ററിൽ അംഗീകൃതവും നോർക്ക റൂട്ട്സ് അറ്റസ്റ്റേഷന് യോഗ്യവുമായ വിവിധ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. പ്രൊഫഷണൽ ഡിപ്ലോമ ഇൻ മൊബൈൽ ഫോൺ ടെക്നോളജി, പ്രൊഫഷണൽ ഡിപ്ലോമ ഇൻ വെബ് ഡിസൈൻ & ഡെവലപ്മെന്റ്, ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ഹാർഡ് വെയർ & നെറ്റ്‌വർക്ക് മെയിന്റനൻസ് വിത്ത് ഇ - ഗാഡ്ജറ്റ് ടെക്നോളജീസ്, പ്രൊഫഷണൽ ഡിപ്ലോമ ഇൻ ലോജിസ്റ്റിക്സ് ആൻഡ് സപ്ലൈ ചെയിൻ മാനേജ്മെന്റ്, ഡിപ്ലോമ മോണ്ടിസോറി ടീച്ചർ ട്രെയിനിങ് എന്നീ കോഴ്സുകളിലേക്കാണ് പ്രവേശനം. കൂടുതൽ വിവരങ്ങൾക്ക് കെൽട്രോൺ നോളജ് സെന്റർ, രണ്ടാംനില, സാന്റോ കോംപ്ലക്സ്, റെയിൽവേ സ്റ്റേഷൻ റോഡ്, ആലുവ എന്ന വിലാസത്തിലോ, 8136802304 എന്ന നമ്പറിലോ ബന്ധപ്പെടുക.

## സൗജന്യ ചികിത്സ

**കൊച്ചി:** തൃപ്പൂണിത്തുറ സർക്കാർ ആയുർവേദ കോളേജ് ആശുപത്രി പഞ്ചകർമ്മ വിഭാഗത്തിൽ അമിത വണ്ണത്തിന് സൗജന്യ ചികിത്സ. 18 മുതൽ 45 വയസ്സ് വരെയുള്ളവരിൽ ഗവേഷണ അടിസ്ഥാനത്തിലാണ് ചികിത്സ നൽകുന്നത്.

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക 7034944108.

# വിദ്യാഭ്യാസ മേഖലയിൽ കാലോചിത മാറ്റം അനിവാര്യം: മന്ത്രി പി.രാജീവ്



**കൊച്ചി:** കാലഘട്ടത്തിനനുസരിച്ച് വിദ്യാഭ്യാസ മേഖലയിലും പാഠ്യപദ്ധതിയിലും മാറ്റങ്ങൾ അനിവാര്യമാണെന്ന് മന്ത്രി പറഞ്ഞു. ജെയിൻ യൂണിവേഴ്സിറ്റിയുടെ സൗജന്യ സമ്മർ സ്കൂൾ പ്രോഗ്രാം രണ്ടാം പതിപ്പ് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. അറിവാണ് ഇന്നത്തെ കാലത്തെ ഏറ്റവും വലിയ സമ്പത്തും മൂലധനവും. വിജ്ഞാനാധിഷ്ഠിതമായ സമ്പദ് വ്യവസ്ഥയിലേക്കുള്ള മാറ്റമാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. അതിനാൽ വിദ്യാർത്ഥികൾ കേവലം മാർക്കുകൾക്ക് പിന്നാലെ പോകാതെ ഇഷ്ടമുള്ള വിഷയങ്ങൾ ആസ്വദിച്ച് പഠിക്കാനും, അതിൽ ഒന്നാമതെത്താനും ശ്രമിക്കണം. ഒരു വിഷയത്തെ വിമർശനാത്മകമായി സമീപിക്കാനും വിശകലനം ചെയ്യാനുമുള്ള കഴിവാണ് ഇന്നത്തെ കാലത്ത് ഏറ്റവും പ്രധാനമെന്നും മന്ത്രി പി. രാജീവ് പറഞ്ഞു. ആയിരത്തിലധികം അപേക്ഷകളിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട 60 പേർക്കാണ് പ്രവേശനം ലഭിച്ചിരിക്കുന്നത്. ആശയവിനിമയം, നേതൃപാടവം, ഡിജിറ്റൽ അവബോധം, കരിയർ ഗൈഡൻസ് എന്നിവയിൽ വിദഗ്ദ്ധർ ക്ലാസുകൾ നയിക്കും. കലാകായിക വിനോദങ്ങൾക്ക് പുറമെ ഇക്കോ ടൂറിസം വില്ലേജ്, വൃദ്ധസദനം എന്നിവ സന്ദർശിക്കാനും വിദ്യാർത്ഥികൾക്ക് അവസരമൊരുക്കും. പ്രമുഖരുമായുള്ള സംവാദവും ക്യാമ്പിന്റെ ഭാഗമാണ്. പഠന ക്ലാസുകൾ, സന്ദർശന യാത്രകൾ, താമസം, ഭക്ഷണം എന്നിവയുൾപ്പെടെയുള്ള മുഴുവൻ ചെലവുകളും യൂണിവേഴ്സിറ്റി തന്നെയാണ് വഹിക്കുന്നത്. ഭാവിയെ മുൻകൂട്ടി കാണാൻ കഴിയുന്ന ഒരു തലമുറയെ വാർത്തെടുക്കുക എന്നതാണ് ഈ പ്രോഗ്രാമിലൂടെ ലക്ഷ്യമിടുന്നതെന്ന് ജെയിൻ യൂണിവേഴ്സിറ്റി ന്യൂ ഇനിഷ്യേറ്റീവ്സ് ഡയറക്ടർ ഡോ. ടോം എം. ജോസഫ് പറഞ്ഞു. യൂണിവേഴ്സിറ്റി ക്യാമ്പസിൽ നടന്ന ചടങ്ങിൽ ജെയിൻ യൂണിവേഴ്സിറ്റി പ്രൊ വൈസ് ചാൻസിലർ പ്രൊഫ. ഡോ. ജെ ലത, ഭാഷാ വിഭാഗം മേധാവിയും സമ്മർ സ്കൂൾ കോർഡിനേറ്ററുമായ ഡോ. ബിൻസി ബേബി, ഡോ. രാധാകൃഷ്ണൻ ഉണ്ണി, ഭാഷാ വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ഡോ. അശ്വതി ആർ തുടങ്ങിയവർ സംസാരിച്ചു.

# പുതിയ ലക്ഷ്യവും ബ്രാൻഡ് ഐഡന്റിറ്റിയും പ്രഖ്യാപിച്ച് ഗോദ്‌റെജ് ഇൻഡസ്ട്രീസ്

**കൊച്ചി:** ഗോദ്‌റെജ് ഇൻഡസ്ട്രീസ് ഗ്രൂപ്പിന്റെ പുതിയ ലക്ഷ്യവും ബ്രാൻഡ് ഐഡന്റിറ്റിയും പ്രഖ്യാപിച്ചു. ഗ്രൂപ്പിന്റെ വളർച്ചയുടെ അടുത്ത ഘട്ടത്തിലേക്ക് കടക്കുമ്പോൾ ഐഡന്റിറ്റിയും തന്ത്രവും ലക്ഷ്യങ്ങളും ഏകീകരിക്കുന്ന നിർണായക ഘട്ടമാണിതെന്ന് ഗോദ്‌റെജ് ഇൻഡസ്ട്രീസ് ഗ്രൂപ്പിന്റെ നിയുക്ത ചെയർപേഴ്സൺ പിറോജ്ഷാ ഗോദ്‌റെജ് പറഞ്ഞു. 129 വർഷത്തെ പാരമ്പര്യത്തിന്റെ കരുത്തിലും പുതിയ രൂപത്തിൽ രണ്ട് വർഷം മാത്രം പ്രായമുള്ള ഒരു ഗ്രൂപ്പിന്റെ ഊർജ്ജവും ഉൾക്കൊള്ളുന്നതാണ് ഈ മാറ്റം.

പുതിയ ലക്ഷ്യവും ഐഡന്റിറ്റിയും ഗ്രൂപ്പ് എവിടെ നിന്നാണ് ആരംഭിച്ചതെന്നും എവിടേക്കാണ് പോകുന്നതെന്നും വ്യക്തമാക്കുന്നതാണ്. ഉപഭോക്തൃ ഉൽപ്പന്നങ്ങൾ, റിയൽ എസ്റ്റേറ്റ്, സാമ്പത്തിക സേവനങ്ങൾ, കൃഷി, രാസവസ്തുക്കൾ തുടങ്ങി വിവിധ മേഖലകളിൽ വ്യാപിച്ചുകിടക്കുന്ന ഗ്രൂപ്പിന്റെ ബിസിനസ് വിഭാഗങ്ങളിൽ കൂടുതൽ തന്ത്രപരമായ ഏകോപനവും വ്യക്തതയും കൊണ്ടുവരാൻ ഈ മാറ്റം സഹായിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി. കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ വിൽപനയിലും അറ്റാദായത്തിലും 20 ശതമാനത്തിലധികം വാർഷിക വളർച്ചാനിരക്ക് രേഖപ്പെടുത്തിക്കൊണ്ട് ഗോദ്‌റെജ് ഗ്രൂപ്പ് ശക്തമായ മുന്നേറ്റമാണ് കാഴ്ചവെച്ചത്. ഗ്രൂപ്പ് തലത്തിൽ വാർഷിക വിൽപനയിൽ 15 ശതമാനത്തിലധികം വളർച്ചയും പ്രതിയോഹരി വരുമാനത്തിൽ 20 ശതമാനത്തിലധികം വർദ്ധനവുമാണ് ലക്ഷ്യമിടുന്നത്. കൂടാതെ ഓരോ ബിസിനസ്സ് മേഖലയും സ്ഥിരത കൈവരിച്ച ഘട്ടത്തിൽ 18 ശതമാനത്തിലധികം നിക്ഷേപ നേട്ടം കൈവരിക്കുമെന്നും കമ്പനി പ്രതീക്ഷിക്കുന്നു. നിലവിലെ കൺസ്യൂമർ പ്രോഡക്ട്സ്, പ്രോപ്പർട്ടീസ്, അഗ്രോവെറ്റ് എന്നീ മൂന്ന് കമ്പനികളിൽ നിന്ന് ഓഹരി വിപണിയിൽ ലിസ്റ്റ് ചെയ്ത അഞ്ച് കമ്പനികളിലേക്ക് വ്യാപിപ്പിക്കാനാണ് ഗ്രൂപ്പിന്റെ പദ്ധതി. ഈ നീക്കങ്ങളിലൂടെ അടുത്ത അഞ്ച് വർഷത്തിനുള്ളിൽ ഗ്രൂപ്പിന്റെ ആകെ വിപണി മൂല്യം 5,00,000 കോടി രൂപയായി ഉയർത്താനാണ് ലക്ഷ്യമിടുന്നതെന്ന് ഗോദ്‌റെജ് ഇൻഡസ്ട്രീസ് എക്സിക്യൂട്ടീവ് ഡയറക്ടറും ചീഫ് ബ്രാൻഡ് ഓഫീസറുമായ തന്യ ദുബാഷ് പറഞ്ഞു.

## അപേക്ഷ ക്ഷണിച്ചു

**തിരുവനന്തപുരം:** ഐ.എച്ച്.ആർ.ഡിക്ക് കീഴിൽ തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന സെന്റർ ഫോർ അഡ്വാൻസ്ഡ് ടെക്നോളജി ആൻഡ് സ്കിൽസ് മെയ് മാസത്തിൽ ആരംഭിക്കുന്ന എഫ്.വൈ.യു.ജി.പി ഇന്റേൺഷിപ്പ് പ്രോഗ്രാമുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. പരസ്യ രചന, കൃത്രിമബുദ്ധിയും റോബോട്ടിക്സും, ബിസിനസ് കമ്മ്യൂണിക്കേഷൻ, ടാലി ഉപയോഗിച്ചുള്ള കമ്പ്യൂട്ടറൈസ്ഡ് അക്കൗണ്ടിംഗ്, ഇംഗ്ലീഷ് കന്റ് റൈറ്റിംഗ്, കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി, ഡാറ്റ സയൻസ്, ഡിജിറ്റൽ മാർക്കറ്റിംഗ്, സംരംഭകത്വം, ഫുൾ സ്റ്റാക്ക് ഡെവലപ്പ്മെന്റ്, ജി.എസ്.ടി ടാക്സ് ഫില്ലിംഗ്, സോഷ്യൽ മീഡിയ സ്വാധീനം, പൈതൃക ടൂറിസം, ഇന്റർനെറ്റ് ഓഫ് തിങ്സ്, ലൈബ്രറി മാനേജ്മെന്റ്, മെഷീൻ ലേണിംഗ്, മൈക്രോ ഇക്കണോമിക്സ്, മൾട്ടിമീഡിയ ഡെവലപ്പ്മെന്റ്, സൈക്കോളജി, വെബ് ഡെവലപ്പ്മെന്റ്, വനിതാ ശാക്തീകരണം, കവികളുടെ ജീവചരിത്ര സംക്ഷേപ നിർമ്മാണം, ചലച്ചിത്ര പഠനം, പടയണിക്ക് ഒരു ആമുഖം തുടങ്ങി വിവിധ വിഷയങ്ങളിൽ പരിശീലനം ലഭ്യമാണ്. താത്പര്യമുള്ളവർക്ക് skillcentre.ihrd.ac.in എന്ന വെബ്സൈറ്റ് വഴി രജിസ്റ്റർ ചെയ്യാവുന്നതാണ്. ഫോൺ: 9495069307, 8547005087, 9400519491, 0471-2550612.

# കെ.എം.എ ഗ്രീൻ പാംസ് സസ്റ്റെയ്നബിലിറ്റി പുരസ്ക്കാരങ്ങൾ വിതരണം ചെയ്തു

**കൊച്ചി:** മുത്തൂറ്റ് ഫിൻകോർപ്പ് കേരള മാനേജ്മെന്റ് അസോസിയേഷൻ ഗ്രീൻ പാംസ് സസ്റ്റെയ്നബിലിറ്റി സമ്മിറ്റ് മറൈൻഡ്രൈവ് താജ് വിവാന്തയിൽ അരങ്ങേറി. ജിആർ ഐ സൗത്ത് ഏഷ്യ ഡയറക്ടർ ഡോ. അദിതി ഹൽദാർ മുഖ്യാതിഥിയായിരുന്നു. പുതിയ കാലത്ത് സുസ്ഥിരത തിരഞ്ഞെടുപ്പല്ലെന്നും അതൊരു നിർബന്ധിത ആവശ്യകതയാണെന്നും ഡോ. അദിതി ഹൽദാർ പറഞ്ഞു.

പ്രകൃതി ക്ഷോഭങ്ങൾ ഉൾപ്പെടെ കേരളം നേരിട്ട് അനുഭവിച്ച പലതും മനുഷ്യപ്രവർത്തനങ്ങളുടെ ഫലവും ലക്ഷണങ്ങൾ മാത്രമല്ല, ഇപ്പോഴത്തെ യാഥാർഥ വെല്ലുവിളികളുമാണെന്ന് അവർ പറഞ്ഞു. അതോടൊപ്പം കേരളം നല്ല മാതൃകയും കാണിച്ചിട്ടുണ്ടെന്നും മനുഷ്യനിർമ്മിത പ്രശ്നങ്ങൾ മനുഷ്യർക്ക് തന്നെ പരിഹരിക്കാനും കഴിയുമെന്നും അവർ പറഞ്ഞു.ഫ്രോസ്റ്റ് ആന്റ് സള്ളിവൻ അസോസിയേറ്റ് പാർട്ണർ ഫ്രെഡ്രിക്ക് റോയൻ, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ ഇ എസ് ജി ആന്റ് ക്ലൈമറ്റ് ഫിനാൻസ് യൂണിറ്റ് ചീഫ് ജനറൽ മാനേജർ ജെയ്സി പോൾ, ജിസിസിഐഎസ്എസ് സിഇഒ ജോസഫ് മാർട്ടിൻ, കെഎംഎ പ്രസിഡന്റ് കെ ഹരികുമാർ, വൈസ് പ്രസിഡന്റ് ദിലീപ് നാരായണൻ, ഹോണററി സെക്രട്ടറി അനിൽ വർമ്മ, സീനിയർ വൈസ് പ്രസിഡന്റ് അൽജിയേഴ്സ് ഖാലിദ്, ഹോണററി ജോയിന്റ് സെക്രട്ടറി ലേഖ ബാലചന്ദ്രൻ , എക്സിക്യൂട്ടീവ് ഡയറക്ടർ ലഫ്. ജോജോ ജേക്കബ് എന്നിവർ സംസാരിച്ചു.

ഗ്ലോബൽ ജൂറി തിരഞ്ഞെടുത്ത കെ എം എ ഗ്രീൻ പാംസ് പുരസ്ക്കാരങ്ങൾ ചടങ്ങിൽ സമ്മാനിച്ചു. ഏറ്റവും ഉയർന്ന പുരസ്കരമായ സസ്റ്റയ്നബിലിറ്റി ലീഡർഷിപ്പ് അവാർഡ് 2026 കൊച്ചി മെട്രോ റയിൽ ലിമിറ്റഡ് കരസ്ഥമാക്കി. കൊച്ചി മെട്രോ എം.ഡി. ലോക് നാഥ് ബെഹ്റ ചടങ്ങിൽ പുരസ്കാരം ഏറ്റുവാങ്ങി.




# പി.എ. സുരേഷ് ബാബു ചുമതലയേറ്റു

**ന്യൂഡൽഹി:** കൽപ്പാക്കത്തെ ഭാരതീയ നാഭികീയ വിദ്യുത് നിഗം ലിമിറ്റഡ് (BHAVINI) ചെയർമാൻ ആൻഡ് മാനേജിങ് ഡയറക്ടറായി ആണവോർജ്ജ വകുപ്പിലെ പ്രമുഖ ശാസ്ത്രജ്ഞനും ന്യൂക്ലിയർ പവർ കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ് മാനവ വിഭവശേഷി വിഭാഗം ഡയറക്ടറുമായ തൃശൂർ സ്വദേശി പി.എ. സുരേഷ് ബാബു ചുമതലയേറ്റു.



മൂന്ന് വർഷത്തേക്കാണ് അദ്ദേഹത്തിന്റെ നിയമനം. കൽപ്പാക്കത്തെ 500 മെഗാവാട്ട് ശേഷിയിൽ പ്രവർത്തിക്കുന്ന പ്രോട്ടോടൈപ്പ് ഫാസ്റ്റ് ബ്രീഡർ റിയാക്ടറിന്റെ നിർമാണം, കമ്മീഷനിങ്, പ്രവർത്തനം, പരിപാലനം എന്നിവയ്ക്കും രാജ്യത്തെ ഭാവി ഫാസ്റ്റ് ബ്രീഡർ റിയാക്ടർ പദ്ധതികൾക്കും ഉത്തരവാദപ്പെട്ട സ്ഥാപനമാണ് BHAVINI. ആണവോർജ്ജ രംഗത്ത് 37 വർഷത്തിലധികം അനുഭവസമ്പത്തുള്ള സുരേഷ് ബാബു സമ്മർദിത ഘനജല റിയാക്ടറുകൾ , സമ്മർദിത ജല റിയാക്ടറുകൾ , കോർപ്പറേറ്റ് മാനവ വിഭവശേഷി വിഭാഗം എന്നിവയിൽ ശ്രദ്ധേയ സംഭാവനകൾ നൽകിയിട്ടുണ്ട്. എൻപിസി ഐഎൽ ബോർഡ് അംഗം, എൻപിസിഐഎൽ–എൻടിപിസി സംയുക്ത സംരംഭമായ അണുശക്തി വിദ്യുത് നിഗം ലിമിറ്റഡ് ചെയർമാൻ, യുറേനിയം കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ് ബോർഡ് അംഗം എന്നീ നിലകളിലും സുരേഷ് ബാബു പ്രവർത്തിച്ചിട്ടുണ്ട്.

# 'സിഎഫ്സി ചാംപ്സ് 2026': രജിസ്ട്രേഷൻ ആരംഭിച്ചു

**കോഴിക്കോട്:** പ്രാദേശിക തലത്തിലുള്ള ഫുട്ബോൾ പ്രതിഭകളെ കണ്ടെത്തുന്നതിനും അവർക്ക് മികച്ച നിലവാരത്തിലുള്ള പരിശീലനം ഉറപ്പാക്കുന്നതിനുമായി കാലിക്കറ്റ് എഫ്സിയും ക്ലബ്ബിന്റെ ഔദ്യോഗിക ഫാൻ ക്ലബ്ബായ ബീക്കൺസ് ബ്രിഗേഡും സംയുക്തമായി സിഎഫ്സി ചാംപ്സ് ഫുട്ബോൾ ക്യാമ്പ് 2026 പ്രഖ്യാപിച്ചു. ഏപ്രിൽ 30 മുതൽ മെയ് 31 വരെ കോഴിക്കോട് വെള്ളിമാട്കുന്ന് ജെഡിറ്റി കോളേജ് ഗ്രൗണ്ടിലാണ് ക്യാമ്പ് സംഘടിപ്പിക്കുന്നത്. എട്ടിനും 13നും ഇടയിൽ പ്രായമുള്ള കുട്ടികൾക്കാണ് ക്യാമ്പിൽ അവസരം. ഏപ്രിൽ 27ന് ജെഡിറ്റി കോളേജ് ഗ്രൗണ്ടിൽ വെച്ച് നടക്കുന്ന സെലക്ഷൻ ട്രയൽസിലൂടെയായിരിക്കും ഏറ്റവും മികച്ച 30 പേരെ ക്യാമ്പിലേക്ക് തിരഞ്ഞെടുക്കുക. അർഹരായ കുട്ടികൾക്ക് സാമ്പത്തിക ബുദ്ധിമുട്ടുകൾ തടസ്സമാകാതിരിക്കാൻ പൂർണ്ണമായും സ്കോളർഷിപ്പ് അടിസ്ഥാനത്തിലാണ് ക്യാമ്പ് സംഘടിപ്പിക്കുന്നത്. 50 രൂപ രജിസ്ട്രേഷൻ ഫീസ് മാത്രമാണ് അപേക്ഷകർ നൽകേണ്ടത്. ക്യാമ്പിലേക്ക് തിരഞ്ഞെടുക്കപ്പെടുന്നവർക്ക് ആവശ്യമായ ഫുട്ബോൾ കിറ്റും ബൂട്ടും സൗജന്യമായി നൽകുന്നതാണ്.എ.ഐ.എഫ്. എഫ് ലൈസൻസുള്ള മികച്ച കോച്ചുമാർ നയിക്കുന്ന പരിശീലനത്തിന് പുറമെ, വിദഗ്ധർ നയിക്കുന്ന ഓൺലൈൻ സെഷനുകളും ക്യാമ്പിന്റെ ഭാഗമായിരിക്കും.

ഫിറ്റ്നസ്, കൃത്യമായ ഭക്ഷണക്രമം, ടാക്റ്റിക്കൽ അനാലിസിസ്, പരിക്കുകൾ ഒഴിവാക്കാനുള്ള മാർഗ്ഗങ്ങൾ, ഫുട്ബോൾ കരിയർ പ്ലാനിംഗ് തുടങ്ങിയ വിഷയങ്ങളിൽ കുട്ടികൾക്ക് ആഴത്തിലുള്ള ധാരണ നൽകുന്ന രീതിയിലാണ് ക്യാമ്പ് ഡിസൈൻ ചെയ്തിരിക്കുന്നത്. താൽപര്യമുള്ളവർക്ക് calicutfootballclub.com/champs എന്ന വെബ്സൈറ്റ് വഴി ഇപ്പോൾ ട്രയൽസിനായി പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്.

സൊസൈറ്റി ടുഡേ
SOCIETY TODAY

# കൈകോർത്ത് ജിയോഹോട്ട്സ്റ്റാറും ഓപ്പൺ എഐയും

**കൊച്ചി:** ഇന്ത്യയിലെ ഏറ്റവും വലിയ സ്ട്രീമിങ് പ്ലാറ്റ്ഫോമായ ജിയോഹോട്ട്സ്റ്റാർ , ആഗോള ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഭീമനായ ഓപ്പൺ എഐയുമായി തന്ത്രപരമായ പങ്കാളിത്തം പ്രഖ്യാപിച്ചു. ചാറ്റ് ജിപിടിയുടെ കരുത്തിൽ പ്രവർത്തിക്കുന്ന കൺവേഴ്സേഷണൽ വോയിസ് ഡിസ്കവറി (സിവിഡി) എന്ന നൂതന ഫീച്ചർ ഈ സഹകരണത്തിലൂടെ ജിയോഹോട്ട് സ്റ്റാർ പ്ലാറ്റ്ഫോമിൽ അവതരിപ്പിച്ചു.

പരമ്പരാഗതമായ കീവേഡ് സെർച്ച് രീതികൾക്ക് പകരം ഉപഭോക്താക്കളുമായി നേരിട്ട് സംവദിക്കുന്ന രീതിയിലേക്ക് ഇന്ത്യയിലെ സ്ട്രീമിങ് അനുഭവത്തെ മാറ്റുകയാണ് ലക്ഷ്യം. ഉപഭോക്താവിന്റെ താൽപര്യങ്ങൾക്കപ്പുറം അവരുടെ ഉദ്ദേശ ശുദ്ധിയും സാഹചര്യവും മനസിലാക്കി മികച്ച ശുപാർശകൾ നൽകാൻ സാധിക്കുന്ന സംവിധാനമാണ് സിവിഡിയെന്ന് അധികൃതർ വ്യക്തമാക്കി.

ഉപഭോക്താക്കളുടെ മാനസികാവസ്ഥ, പ്രത്യേക സാഹചര്യങ്ങൾ എന്നിവയ്ക്കനുസരിച്ച് സിനിമകളും ഷോകളും കണ്ടെത്താൻ സിവിഡി സഹായിക്കും. ഉദാഹരണത്തിന് മാതാപിതാക്കൾക്കൊപ്പം കാണാൻ കഴിയുന്ന സിനിമകൾ നിർദേശിക്കൂ എന്നോ, ഡ്രാമ വേണം, എന്നാൽ കൂടുതൽ സങ്കടകരമാകരുത് എന്നോ ഉള്ള സങ്കീർണമായ ആവശ്യങ്ങൾ കൃത്യമായി വിശകലനം ചെയ്ത് പ്രസക്തമായ കണ്ടന്റുകൾ ലഭ്യമാക്കാൻ ഇതിന് കഴിയും.

കൂടാതെ, തത്സമയ കായിക മത്സരങ്ങൾക്കിടയിൽ ഒരു സെക്കൻഡ് സ്ക്രീൻ ഇന്റലിജൻസായും ഇത് പ്രവർത്തിക്കും. ക്രിക്കറ്റ് മത്സരങ്ങൾക്കിടയിൽ ഇപ്പോൾ ആരാണ് ടോപ്പ് സ്കോറർ എന്നോ അവസാന വിക്കറ്റ് വീണത് എങ്ങനെയെന്ന് കാണിക്കൂ എന്നോ ചോദിച്ചാൽ തത്സമയം മറുപടി നൽകാനും ഈ എഐ സംവിധാനത്തിന് സാധിക്കും. ഹിന്ദി, ഇംഗ്ലീഷ് ഭാഷകളിലാണ് ഈ സേവനം ലഭ്യമാവുക.

സംഭാഷണത്തിനിടയിൽ ഭാഷകൾ മാറി ഉപയോഗിച്ചാലും സിസ്റ്റത്തിന്റെ കൃത്യത കുറയില്ല എന്നത് എല്ലാ വിഭാഗം ഉപഭോക്താക്കൾക്കും ഈ ഫീച്ചർ എളുപ്പത്തിൽ ഉപയോഗിക്കാൻ സഹായകമാകും. ഈ പങ്കാളിത്തത്തിലൂടെ ജിയോഹോട്ട്സ്റ്റാർ കണ്ടന്റുകൾ ചാറ്റ് ജിപിടി ഉപഭോക്താക്കൾക്കും ലഭ്യമാകും. വിനോദവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചാറ്റ്ജിപിടിയോട് ചോദിക്കുന്ന ഉപയോക്താക്കൾക്ക് ജിയോഹോട്ട്സ്റ്റാറിലെ പ്രസക്തമായ കണ്ടന്റുകളും സ്ട്രീമിങ് ലിങ്കുകളും നിർദേശങ്ങളായി ലഭിക്കുമെന്നും കമ്പനി അധികൃതർ അറിയിച്ചു.

# യുപിഇഎസ് ഇനി എഐ ഫസ്റ്റ് യൂണിവേഴ്സിറ്റി: 2026–27 പ്രവേശനം ആരംഭിച്ചു

**കൊച്ചി:** ഉന്നത വിദ്യാഭ്യാസ രംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾക്ക് തുടക്കം കുറിച്ച് ഡെറാഡൂണിലെ പ്രമുഖ വിദ്യാഭ്യാസ സ്ഥാപനമായയുപിഇഎസ് (University of Petroleum and Energy Studies) ഇന്ത്യയിലെ ആദ്യത്തെ എഐ ഫസ്റ്റ്' യൂണിവേഴ്സിറ്റിയായി മാറുന്നു. ആഗോള നിലവാരത്തിലുള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനായി ഓപ്പൺഎഐയുമായി സഹകരിച്ച് കാമ്പസിൽ ഉടനീളം ചാറ്റ് ജിപിറ്റി എഡ്യൂ അവർ വിന്യസിച്ചു കഴിഞ്ഞു. ഇതിലൂടെ പത്തൊൻപതിനായിരത്തിലധികം വിദ്യാർത്ഥികൾക്കും ആയിരത്തി അഞ്ഞൂറോളം അധ്യാപകർക്കും അത്യാധുനിക എഐ ടൂളുകൾ ലഭ്യമാക്കി പഠനത്തിലും ഗവേഷണത്തിലും ഏറ്റവും മികച്ച പ്രകടനം കാഴ്ചവെക്കാൻ സാധിക്കും.



കേരളത്തിൽ ടെക്നോളജി വിദ്യാഭ്യാസത്തിനുള്ള വലിയ ഡിമാൻഡ് മുന്നിൽക്ക്, നിർമിത ബുദ്ധി (എഐ), ഡാറ്റാ സയൻസ്, സൈബർ സെക്യൂരിറ്റി തുടങ്ങിയ മേഖലകളിൽ മുപ്പതിലധികം നൂതന പ്രോഗ്രാമുകളാണ് സർവ്വകലാശാല അവതരിപ്പിക്കുന്നതെന്ന് യുപുഇഎസ് പ്രോ വൈസ് ചാൻസലർ ഡോ.ജയശങ്കർ വാരിയർ പറഞ്ഞു. ലോകത്തെ മികച്ച രണ്ട് ശതമാനം ഗവേഷകരുടെ സ്റ്റാൻഫോർഡ് ലിസ്റ്റിൽ ഉൾപ്പെട്ട അൻപതിലധികം അധ്യാപകരുടെ പിന്തുണ ഈ പ്രോഗ്രാമുകൾക്കു്. കേവലം തിയറി പഠനത്തിനപ്പുറം ഐബിഎം, ആമസോൺ, ഗൂഗിൾ, ബജാജ് ഓട്ടോ, ഇവൈ, കെപിഎംജി തുടങ്ങിയ ആഗോള വ്യവസായ ഭീമന്മാരുമായി ചേർന്ന് വിദ്യാർത്ഥികൾക്ക് മികച്ച പ്രായോഗിക പരിശീലനം നൽകാനും ഇത് വഴി വ്യവസായ ലോകത്തെ തൊഴിൽ സാധ്യതകളും പഠനവും തമ്മിലുള്ള അകലം കുറയ്ക്കാനും യുപിഇഎസ് ലക്ഷ്യമിടുന്നതായി യുപിഇഎസ് സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസ് സീനിയർ ഡയറക്ടർ രാജീവ് നന്ദ്വാനി പറഞ്ഞു.

പഠനമികവിനൊപ്പം മികച്ച തൊഴിലവസരങ്ങളും നൽകുന്നതിൽ ഈ യൂണിവേഴ്സിറ്റി ഏറെ മുൻപന്തിയിലാണ്. 2026-ലെ ക്യുഎസ് വേൾഡ് യൂണിവേഴ്സിറ്റി റാങ്കിംഗ് പ്രകാരം അക്കാദമിക് പ്രസിദ്ധിയിൽ ഇന്ത്യയിലെ സ്വകാര്യ സർവ്വകലാശാലകളിൽ ഒന്നാം സ്ഥാനമുള്ള ഈ സ്ഥാപനത്തിന്, കഴിഞ്ഞ അഞ്ചു വർഷമായി നൂറു ശതമാനം പ്ലേസ്മെന്റ് റെക്കോർഡാണുള്ളത്. എണ്ണൂറിലധികം മുൻനിര കമ്പനികൾ പങ്കെടുത്ത ഈ വർഷത്തെ ക്യാമ്പസ് സെലക്ഷനിൽ 52 ലക്ഷം രൂപയാണ് ഒരു വിദ്യാർത്ഥിക്ക് ലഭിച്ച ഏറ്റവും ഉയർന്ന വാർഷിക ശമ്പളം. ഏഴ് സ്കൂളുകളിലായി 2026-27 അധ്യയന വർഷത്തേക്കുള്ള പ്രവേശന നടപടികൾ ഇപ്പോൾ പുരോഗമിക്കുകയാണ്; കൂടുതൽ വിവരങ്ങൾക്കും അപേക്ഷിക്കുന്നതിനുമായി www.upes.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്.

# എസ്ബിഐ ലൈഫ് ഇൻഷുറൻസിന് 42,551 കോടിയുടെ പുതിയ ബിസിനസ് പ്രീമിയം

**കൊച്ചി:** രാജ്യത്തെ മുൻനിര ലൈഫ് ഇൻഷൂറൻസ് സ്ഥാപനങ്ങളിൽ ഒന്നായ എസ്ബിഐ ലൈഫ് ഇൻഷുറൻസ് 2026 മാർച്ച് 31ന് അവസാനിച്ച സാമ്പത്തിക വർഷത്തിൽ 42,551 കോടി രൂപയുടെ പുതിയ ബിസിനസ് പ്രീമിയം സമാഹരിച്ചു.

സിംഗിൾ പ്രീമിയത്തിൽ മുൻ വർഷത്തെ അപേക്ഷിച്ച് 28ശതമാനം വർധനവാണുണ്ടായത്. പരിരക്ഷാ വിഭാഗത്തിൽ ശ്രദ്ധ പതിപ്പിച്ച എസ്ബിഐ ലൈഫ് ഈ വിഭാഗത്തിൽ 13 ശതമാനം വളർച്ചയോടെ 4622 കോടി രൂപയുടെ പുതിയ ബിസിനസ് പ്രീമിയം ശേഖരിച്ചിട്ടുണ്ട്. പരിരക്ഷാ വിഭാഗത്തിലെ വ്യക്തിഗത പോളിസികളിൽ 23 ശതമാനം വർധനവും നേടിയിട്ടുണ്ട്.

2026 മാർച്ച് 31ന് അവസാനിച്ച സാമ്പത്തിക വർഷത്തിൽ എസ്ബിഐ ലൈഫിന്റെ അറ്റാദായം 2470 കോടി രൂപയാണ്. മുൻ വർഷത്തേക്കാൾ രണ്ടു ശതമാനമാണ് വർധനവ്. സോൾവെൻസി നിരക്ക് നിയമപരമായി പാലിക്കേ 1.50 യേക്കാൾ മികച്ച നിലയിൽ 1.90 എന്ന നിലയിലാണ്. എസ്ബിഐ ലൈഫ് കൈകാര്യം ചെയ്യുന്ന ആകെ ആസ്തികൾ മുൻ വർഷത്തേക്കാൾ ഒൻപതു ശതമാനം വർധനവോടെ 4,87,163 കോടി രൂപയാണെന്നും കണക്കുകൾ ചൂണ്ടിക്കാട്ടുന്നു.

# ധനകാര്യ വിദഗ്ധൻ കെ.കെ.കൃഷ്ണകുമാറിനെ അനുസ്മരിച്ചു

**കൊച്ചി :** അന്തരിച്ച ധനകാര്യ വിദഗ്ദ്ധനും കൊച്ചിയിലെ സെന്റർ ഫോർ സോഷ്യോ എക്കണോമിക് ആന്റ് എൻവയോൺമെന്റൽ സ്റ്റഡീസിന്റെ സ്ഥാപക സെക്രട്ടറിയുമായിരുന്ന കെ.കെ.കൃഷ്ണകുമാറിന് ആദരാഞ്ജലി അർപ്പിച്ച് കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജിയിൽ അനുശോചന യോഗം നടത്തി.



കൊച്ചിൻ യൂണീവേഴ്സിറ്റിയിലെ മുൻ സിൻഡിക്കേറ്റ് അംഗമായിരുന്നു അന്തരിച്ച കൃഷ്ണകുമാർ. അദ്ദേഹത്തിന്റെ സുഹൃത്തുക്കളും സഹപ്രവർത്തകരും ചേർന്നാണ് അനുശോചന യോഗം സംഘടിപ്പിച്ചത്.

സ്കൂൾ ഓഫ് മാനേജ്മെന്റിന്റെ സെമിനാർ ഹാളിൽ നടന്ന യോഗത്തിൽ വ്യവസായ വകുപ്പ് മന്ത്രി പി.രാജീവ്, സിഎസ്ഇഎസ് ചെയർമാൻ പ്രൊ.മൈക്കിൾ തരകൻ, കുസാറ്റ് മുൻ വൈസ് ചാൻസലർ പ്രൊ. പി.ജി ശങ്കരൻ, കില മുൻ ഡയറക്ടർ ഡോ. ജോയ് ഇളമൺ, ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി വൈസ് ചാൻസലർ പ്രൊഫ. വി.പി ജഗതിരാജ്, സ്കൂൾ ഓഫ് മാനേജ്മെന്റിൻ സ്റ്റഡീസ് ഡയറക്ടർ ഡോ. സാം തോമസ്, ഡോ. എം.കെ സുകുമാരൻ നായർ, സിഎസ്ഇഎസ് ഡയറക്ടർ ഡോ. എൻ. അജിത്കുമാർ, സുഹൃത്തുക്കൾ, സഹപ്രവർത്തകർ എന്നിവർ സംസാരിച്ചു. യോഗത്തിൽ സിഎസ്ഇഎസ് സെക്രട്ടറി ജയകുമാർ സി. പിള്ള അധ്യക്ഷത വഹിച്ചു.

# സ്പ്രൈറ്റ് ലെമൺ മിന്റ് വിപണിയിൽ




**കൊച്ചി:** പ്രമുഖ പാനീയ ബ്രാൻഡായ സ്പ്രൈറ്റ് പുതിയ വകഭേദമായ 'സ്പ്രൈറ്റ് ലെമൺ മിന്റ്' ഇന്ത്യയിൽ അവതരിപ്പിച്ചു. വേനൽച്ചൂടിനെ പ്രതിരോധിക്കാൻ നാരങ്ങയുടെയും പുതിനയുടെയും (മിന്റ്) സവിശേഷമായ കൂട്ടുമായിട്ടാണ് പുതിയ പാനീയം വിപണിയിലെത്തിയിരിക്കുന്നതെന്ന് കമ്പനി അധികൃതർ പറഞ്ഞു. ഇതിന്റെ ഭാഗമായി 'മിന്റ് ലഗ, ത് രഖ്' എന്ന പേരിൽ പുതിയ പരസ്യ പ്രചാരണത്തിനും കമ്പനി തുടക്കം കുറിച്ചു. പുതുമ ആഗ്രഹിക്കുന്ന ഇന്ത്യയിലെ യുവതലമുറയെ ലക്ഷ്യം വെച്ചാണ് ഈ പാനീയം രൂപകൽപ്പന ചെയ്തിരിക്കുന്നത്. സ്പ്രൈറ്റിന്റെ പാരമ്പര്യമായ ക്ലിയർ ലെമൺ ഡ്രിങ്കിനൊപ്പം പുതിനയുടെ സത്ത കൂടി ചേരുമ്പോൾ ഉണ്ടാകുന്ന ഇരട്ടി ഉന്മേഷമാണ് ഇതിന്റെ പ്രത്യേകത. നിലവിൽ തിരഞ്ഞെടുക്കപ്പെട്ട വിപണികളിൽ മാത്രമാണ് സ്പ്രൈറ്റ് ലെമൺ മിന്റ് ലഭ്യമാവുക.

വേനൽക്കാലത്ത് താൽക്കാലികമായി മാത്രം ലഭ്യമാകുന്ന ഈ ലിമിറ്റഡ് എഡിഷൻ പാനീയം, ഉപഭോക്താക്കൾക്കിടയിൽ വലിയ തരംഗം സൃഷ്ടിക്കുമെന്ന് കമ്പനി അധികൃതർ അറിയിച്ചു.

# വേനൽക്കാല ചൂട് തടയാൻ ഏഷ്യൻ പെയിന്റ്സ് ഡാംപ് പ്രൂഫ്




**കൊച്ചി:** വേനൽക്കാലത്തെ അമിതമായ ചൂട് തടയാൻ ലക്ഷ്യമിട്ട് ഏഷ്യൻ പെയിന്റ്സ് പുതിയ ഉൽപ്പന്നമായ ഡാംപ് പ്രൂഫ് പുറത്തിറക്കി. ഡാംപ് പ്രൂഫിന്റെ ഇരട്ട പ്രകടന മികവ് കഠിനമായ ചോർച്ചകൾക്കെതിരെ ശക്തമായ സംരക്ഷണം നൽകുന്നതായി കമ്പനി അവകാശപ്പെടുന്നു. നവീനമായ ഈ ഉൽപ്പന്നം ഉപരിതല താപനില 10 ഡിഗ്രി സെൽഷ്യസ് വരെ കുറയ്ക്കാൻ സഹായിക്കുന്നു. ഉൽപ്പന്നവുമായി ബന്ധപ്പെട്ട് ദക്ഷിണേന്ത്യൻ സിനിമയിലെ ജനപ്രിയ റൗഡി ബേബി ഗാനത്തിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് ക്യാംപെയ്നും കമ്പനി ആരംഭിച്ചു.

രാജ്യത്തെ പല വീടുകളിലും, ആഘോഷങ്ങൾക്കും ദൈനംദിന പ്രവർത്തനങ്ങൾക്കും ടെറസുകൾ ഉപയോഗിക്കുന്നതായും എന്നാൽ ചോർച്ച, അല്ലെങ്കിൽ ചൂട് വർധിക്കുന്നത് പോലുള്ള പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ ഇത്തരം പ്രവർത്തനങ്ങൾക്ക് തടസം നേരിടുന്നതായും കമ്പനി പറയുന്നു.

ഇത് മനസ്സിലാക്കിയാണ് ഡാംപ് പ്രൂഫിന് രൂപം നൽകിയിരിക്കുന്നതെന്ന് ഏഷ്യൻ പെയിന്റ്സ് അറിയിച്ചു. ക്യാംപെയ്ൻ സിനിമ, സംഗീതം, ഗൃഹ സംരക്ഷണം എന്നിവയുടെ ലോകങ്ങളെ സാംസ്കാരികമായി പൊരുത്തപ്പെടുന്നതും താരതമ്യപ്പെടുത്താവുന്നതുമായ രീതിയിൽ ഒരുമിച്ച് കൊണ്ടുവരുന്നതായി ഏഷ്യൻ പെയിന്റ്സ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറും സിഇഒയുമായ അമിത് സിങ്കിൾ പറഞ്ഞു.

# നെസ്‌ലെ ഇന്ത്യയ്ക്ക് ആഭ്യന്തര വിൽപ്പനയിൽ റെക്കോർഡ് വളർച്ച

**കൊച്ചി:** ആഭ്യന്തര വിൽപ്പനയിൽ ഒരു ദശാബ്ദത്തിനിടെയുള്ള ഏറ്റവും മികച്ച ത്രൈമാസ വളർച്ച രേഖപ്പെടുത്തി നെസ്‌ലെ ഇന്ത്യ. 2026 മാർച്ച് 31 ന് അവസാനിച്ച നാലാം പാദത്തിൽ കമ്പനിയുടെ ആഭ്യന്തര വിൽപ്പന 23.1 ശതമാനം ഇതുവരെയുള്ളതിൽ ഏറ്റവും ഉയർന്ന നിലയായ 6,445 കോടി രൂപയിലെത്തി. ഇതോടൊപ്പം 26.3 ശതമാനം പ്രവർത്തന ലാഭവും കമ്പനി നിലനിർത്തി. വിൽപ്പന അളവിലെ ഇരട്ട അക്ക വർധനയും പരസ്യച്ചെലവിലെ 50 ശതമാനത്തിലധികം വളർച്ചയുമാണ് നേട്ടത്തിന് പ്രധാന കാരണമായത്. മുൻവർഷം ഇതേ കാലയളവിനെ അപേക്ഷിച്ച് മൊത്തം വിൽപ്പനയിൽ 23.4 ശതമാനമാണ് ഉണ്ടായത്. 2025-26 സാമ്പത്തിക വർഷത്തിൽ നെസ്‌ലെയുടെ മൊത്തം വിൽപ്പന 23,071.5 കോടി രൂപയും അറ്റാദായം 3,544.6 കോടി രൂപയുമാണ്. കൺഫെക്ഷനറി, പൗഡർ ആന്റ് ലിക്വിഡ് ബെവറേജസ്, പെറ്റ് ഫുഡ് വിഭാഗങ്ങൾ മൂല്യത്തിലും വിൽപ്പന അളവിലും ഉയർന്ന ഇരട്ട അക്ക വളർച്ച കൈവരിച്ചപ്പോൾ, പ്രിപയേർഡ് ഡിഷസ് വിഭാഗവും മികച്ച മുന്നേറ്റം നടത്തി. ക്വിക്ക് കൊമേഴ്സ് ചാനലുകളും വളർച്ചയ്ക്ക് വലിയ പിന്തുണ നൽകി. ഗ്രാമീണ വിപണികളിൽ 2.16 ലക്ഷം ഗ്രാമങ്ങളിലേക്ക് സാന്നിധ്യം വ്യാപിപ്പിച്ച കമ്പനി, മാലിദ്വീപ്, പാപ്പുവ ന്യൂഗിനിയ, യുകെ, യുഎസ് ഉൾപ്പെടെ 28 രാജ്യങ്ങളിലേക്ക് കയറ്റുമതിയും വർധിപ്പിച്ചു.

# തൃശൂർ ദുരന്തം: മരിച്ചവരുടെ കുടുംബങ്ങൾക്ക് 5 ലക്ഷം രൂപ വീതം ധനസഹായം പ്രഖ്യാപിച്ച് കല്യാൺജൂവലേഴ്സ്

**കൊച്ചി:** തൃശൂർ മുണ്ടത്തിക്കോടത്ത് വെടിക്കെട്ട് പുരയിലുായ സ്ഫോടനത്തിൽ ജീവൻ നഷ്ടപ്പെട്ടവരുടെ കുടുംബങ്ങൾക്ക് കല്യാൺ ജൂവലേഴ്സ് മാനേജിംഗ് ഡയറക്ടർ ടി.എസ്. കല്യാണരാമൻ അഞ്ചു ലക്ഷം രൂപ വീതം സാമ്പത്തിക സഹായം പ്രഖ്യാപിച്ചു.

ഈ ദുരന്തത്തിൽ പെട്ടവരുടെ വിയോഗം വ്യക്തിപരമായ ഒന്നായാണ് കാണുന്നതെന്ന് കല്യാൺ ജൂവലേഴ്സ് മാനേജിംഗ് ഡയറക്ടർ ടി.എസ്. കല്യാണരാമൻ പറഞ്ഞു. പ്രാദേശിക അധികാരികളുമായി സഹകരിച്ച് അർഹരായ കുടുംബങ്ങൾക്ക് ധനസഹായം കൈമാറാനുള്ള നടപടികൾ കല്യാൺജൂവലേഴ്സ് സ്വീകരിക്കും.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com